**ഫാറം നമ്പർ 7**

**[ചട്ടം 18(1) കാണുക]**

**വകുപ്പ് 11(1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം.**

നമ്പർ :DCTSR/4941/2018/E5 തിയ്യതി :29/04/2020

കേരള സർക്കാർ 04.12.2015 തിയ്യതിയിലെ സ .ഉ(അച്ചടി) നമ്പർ 649/2015/റവ വിജ്ഞാപനപ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് : 30/13) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ എൽ .എ(ജനറൽ) സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ വരന്തരപ്പിള്ളി വില്ലേജിൽ കച്ചേരിക്കടവ് പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിനു വേണ്ടി പൊന്നുംവില നടപടിയുടെ പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്ററായി ലാൻഡ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടർ തൃശ്ശൂരിനെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും ഇതോടൊപ്പമുള്ള പട്ടികയിൽ വിവരച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് കച്ചേരിക്കടവ് പാലവും അനുബന്ധ റോഡ് നിർമ്മാണത്തിനും ആവശ്യമുണ്ടെന്നോ ആവശ്യമായേക്കുമെന്നോ ജില്ലാ കളക്ടർക്ക് ബോധ്യപ്പെട്ടിരിക്കുന്നതിനാലും

ഇപ്പോൾ തന്മൂലം അതുമായി ബന്ധപ്പെട്ട എല്ലാ പേർക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 11–ാം വകുപ്പ് (1)–ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവിലക്കെടുക്കുവാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളിതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തിയതിയോ ഇത് സംബന്ധിച്ച പൊതുനോട്ടീസിന്റെ തിയതിയോ ഏതാണോ അവസാനം വരുന്നത് ആ തിയ്യതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ എൽ.എ(ജനറൽ) തൃശ്ശൂർ മുമ്പാകെ സമർപ്പിക്കേണ്ടതാണ് . നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താല്പര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് സംഗ്രഹം താഴെ ചേർക്കുന്നു. ആയത് തൃശ്ശൂർ ജില്ലാ ഭരണകൂടത്തിന്റെ "www.thrissur.nic.in" എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

## പട്ടിക

**ജില്ല– തൃശ്ശൂർ** **താലൂക്ക്: ചാലക്കുടി** **വില്ലേജ് : വരന്തരപ്പിള്ളി**

**(ഏകദേശ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു)**

| ക്രമ നമ്പർ | ബ്ലോക്ക്/ സർവ്വെ നം. | വിവരണം | വിസ്തീർണ്ണം (ഹെക്ടർ) | പൊതു ആവശ്യത്തിന്റെ സഭാവം | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം | ഉടമസ്ഥർ |
|---|---|---|---|---|---|---|
| 1 | 1079 | പുരയിടം | 0.0033 | കച്ചേരിക്കടവ് പാലവും അനുബന്ധ റോഡ് നിർമ്മാണത്തിനും | ബാധകമല്ല | നൂഹ് കെ. ബി, കടുങ്ങാട്ട് പറമ്പിൽ, വേലൂപ്പാടം, കച്ചേരിക്കടവ് |
| 2 | 1080 | പുരയിടം | 0.0036 | കച്ചേരിക്കടവ് പാലവും അനുബന്ധ റോഡ് നിർമ്മാണത്തിനും | ബാധകമല്ല | 1. ജോയി ഭാര്യ വത്സ, ചീനിക്കൽ, വരന്തരപ്പിള്ളി.<br><br>2. ചോലക്കൽ അബ്ദു മകൻ അബു എന്ന അബൂബക്കർ, കച്ചേരിക്കടവ്.<br><br>3. അബ്ദു റഹിമാൻ മകൻ നൗഷാദ്, പൊട്ടേങ്ങൽ ഹൗസ്, വരന്തരപ്പിള്ളി |
| 3 | 1089 | പുരയിടം | 0.0003 | കച്ചേരിക്കടവ് പാലവും അനുബന്ധ റോഡ് നിർമ്മാണത്തിനും | ബാധകമല്ല | 1. ജേക്കബ് ഭാര്യ ഡാൽഫിൻ, കോഴിക്കുന്നേൽ, വേലൂപ്പാടം,<br><br>2. ഖാലിദ് മകൻ ഹനീഫ, വലിയകത്ത്, വേലൂപാടം.<br><br>3. അമ്പലത്ത് വീട്ടിൽ സെയ്തുമുഹമ്മദ് മകൻ ഷാജി, വേലൂപ്പാടം, |
| 4 | 1090 | പുരയിടം | 0.0649 | കച്ചേരിക്കടവ് പാലവും അനുബന്ധ റോഡ് നിർമ്മാണത്തിനും | ബാധകമല്ല | 1. ലീല രാമകൃഷ്ണൻ, കിഴക്കേ തയ്യിൽ വീട്, വേലൂപ്പാടം, കച്ചേരിക്കടവ്.<br><br>2. സുരേഷ് കെ. ആർ, കിഴക്കേ തയ്യിൽ വീട്, വേലൂപ്പാടം, കച്ചേരിക്കടവ്.<br><br>3. നാളത് വഴി<br><br>4. നാളത് വഴി |
| | | **ആകെ** | **0.0721** | | | |

***സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം***

തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിൽ, വരന്തരപ്പിള്ളി വില്ലേജിൽ ഉൾപ്പെട്ട ഭൂമിയാണ് കച്ചേരിക്കടവ് പാലവും അനുബന്ധ റോഡ് നിർമ്മാണത്തിനുമായി ഏറ്റെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത ആവശ്യത്തിലേയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിന്റെ ഗുണപരവും വിപരീതപരവുമായ ആഘാതങ്ങൾ വിശകലനം ചെയ്യുമ്പോൾ, നിർദ്ദിഷ്ട പദ്ധതി നിലവിലെ മാപ്പിംങ്ങും ഭൂമി ഏറ്റെടുക്കൽ പദ്ധതിയും പ്രകാരം നടപ്പിലാക്കാവുന്നതാണെന്ന് വിലയിരുത്തുന്നു. പദ്ധതി ബാധിതർക്ക് വിപരീത ആഘാതങ്ങൾ ഉണ്ടെങ്കിലും പദ്ധതി ബാധിതർ ഉൾപ്പെടെയുള്ള പ്രദേശവാസികൾക്ക് ഫലപ്രദമാകുന്ന വിധം പ്രദേശത്തെ ഗതാഗതവും ജീവിത നിലവാരവും പദ്ധതി മൂലം മെച്ചപ്പെടും. ജനവാസ സ്ഥലങ്ങളെ കഴിയുന്നത്ര ബാധിക്കാത്ത വിധത്തിലും , കുടിയൊഴിപ്പിക്കൽ ഇല്ലാത്ത വിധത്തിലും, കൂടുതൽ ജനങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിലും, അഴക്ക് ചാലുകൾ കൂടുതലും ആഘാത ബാധിതമാകാത്ത വിധത്തിലുമാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്.

സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ടിന്റെയും സമുചിത സർക്കാർ ഉത്തരവിന്റെയും പകർപ്പുകൾ ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയതിന്റെ പകർപ്പുകൾ തൃശ്ശൂർ കളക്ടറേറ്റ് , സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ) തൃശ്ശൂർ, വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് എന്നീ കാര്യാലയങ്ങളിലും ലഭ്യമാണ്.

**DISTRICT COLLECTOR**

Signature Not Verified

Digitally signed by SHANAVAS S
Date: 2020.04.29 02:08:13 PDT
Reason: Approved